**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. പ്രജിത്.കെ.ആർ, അസിസ്റ്റന്റ് പ്രൊഫസർ, അനസ്തേഷ്യ വിഭാഗം- ആരോഗ്യവകുപ്പിലെ ജൂനിയർ കൺസൽട്ടന്റ് തസ്തികയിലേക്ക് തിരികെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സഉ (സാധാ) നം. 1380/2022/ആ.കു.വ തീയതി 14.06.2022
2. ഉത്തരവ് നം. ഇ3/5457/2022/ജി.എം.സി.റ്റി തീയതി 16.06.2022
3. ഡോ. പ്രജിത്.കെ.ആർ സമർപ്പിച്ച അപേക്ഷ തീയതി 16.06.2022

**ഉത്തരവ് നം. ഇ.എ1- 41191/2022/ആ.വ.ഡ തീയതി 17.06.2022**

ആരോഗ്യവകുപ്പിൽ അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൽട്ടന്റ് തസ്തികയിൽ ജോലി ചെയ്തു വരവെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശ പ്രകാരം ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ അനസ്തേഷ്യ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം ലഭിച്ച ഡോ. പ്രജിത്.കെ.ആർന്, ആരോഗ്യവകുപ്പിൽ ജൂനിയർ കൺസൽട്ടന്റ് തസ്തികയിൽ തിരികെ ജോലിയിൽ പ്രവേ ശിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി ലഭിച്ച് ഉത്തരവായി രിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ പരാമർശം (2) പ്രകാരം ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും 16.06.2022 അപരാഹ്നത്തിൽ വിടുതൽ ചെയ്തിട്ടുള്ളതും അന്നേ ദിവസം തന്നെ ആരോഗ്യവകുപ്പ് ഡയറക്ടർ മുൻപാകെ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ ഡോ. പ്രജിത്.കെ.ആർ നെ **കോഴിക്കോട് കുറ്റിയാടി താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൽട്ടന്റ് (അനസ്തേഷ്യ)** തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ. പ്രജിത്.കെ.ആർ, **20.06.2022** തീയതിയ്ക്കകം ജോലിയിൽ പ്രവേശിച്ച് ആർ. ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ജീവനക്കാരനും സ്ഥാപന മേധാവിയ്ക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**ഒപ്പ്**
**ഡോ. പ്രീത.പി.പി**
**അഡീഷണൽ ഡയറക്ടർ (എഫ്.ഡബ്ല്യു)**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്

ഡോ. പ്രജിത്.കെ.ആർ, ജൂനിയർ കൺസൽട്ടന്റ് (അനസ്തേഷ്യ)

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ഡയറക്ടർ, ആരോഗ്യവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
3. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കോഴിക്കോട്
4. സൂപ്രണ്ട്, താലൂക്ക് ആശുപത്രി കുറ്റിയാടി, കോഴിക്കോട്
5. ഫയൽ/ കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്